(സി) ഈ കോളനികളിൽ വിവിധ വകുപ്പുകൾ വ്യക്തിഗത സഹായമായി എന്തെല്ലാം ധനസഹായങ്ങൾ നൽകി എന്ന് ഗുണഭോക്താക്കളുടെ പേരു സഹിതം വെളിപ്പെടുത്തുമോ;

(ഡി) ചെറിയനാട് പഞ്ചായത്തിലെ ആവണി ഐ.എച്ച്.സി.പി. കോളനിയിലേക്കുള്ള റോഡ് പുനഃരുദ്ധരിച്ച് ടാറിംഗ് നടത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ തീവ്ര സങ്കേത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികളുടെ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു.

1. കോടുകുളത്തി കരോട്
2. പുത്തല-ആലംതുരുത്ത്
3. പഴുക്കാമോടി
4. ആവണി
5. ചെറുമിക്കാട്
6. താഴാത്തറ
7. ചെമ്പകമഠം
8. കണ്ണം പിഴവത്ത്
9. കൊളത്തിത്തറ
10. പൊറ്റുമേൽക്കടവ്
11. ഇരമല്ലിക്കര
12. കൊല്ലത്തറ

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)&(ഡി)വിവരം ശേഖരിച്ചു വരുന്നു.

5 (914) സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ, ട്രൈബൽ സബ്പ്ലാൻ പദ്ധതികളിൽ ചെലവായ തുക

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ, ട്രൈബൽ സബ്പ്ലാൻ പദ്ധതികളിൽ കഴിഞ്ഞ മൂന്നു വർഷമായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക എത്രയായിരുന്നു;

(ബി) അതിൽ എന്ത് തുക ചെലവഴിച്ചു;

(സി) എന്തു തുക മിച്ചമുണ്ടായി;

(ഡി) തുക മുഴുവൻ ചെലവഴിക്കാൻ പറ്റാത്ത സാഹചര്യം എന്തായിരുന്നുവെന്ന് വിശദീകരിക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്പെഷ്യൽ കംപോണന്റ് പ്ലാൻ, ട്രൈബൽ സബ്പ്ലാൻ പദ്ധതികളിൽ കഴിഞ്ഞ മൂന്നുവർഷമായി ബഡ്ജറ്റിൽ വകകൊള്ളിച്ച തുകയുടെ കണക്ക് താഴെ ചേർക്കുന്നു.

വർഷം	സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ(ലക്ഷത്തിൽ)	ട്രൈബൽ സബ് പ്ലാൻ(ലക്ഷത്തിൽ)
96-97	20965.00	4035.70
97-98	31850.00	6307.60
98-99	30401.00	6116.82

(ബി) അതിൽ ചെലവഴിച്ച തുകയുടെ കണക്ക് താഴെ ചേർക്കുന്നു.

വർഷം	സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ(ലക്ഷത്തിൽ)	ട്രൈബൽ സബ് പ്ലാൻ(ലക്ഷത്തിൽ)
96-97	19602.56	3927.20
97-98	29612.55	6119.17
98-99	29780.43*	5845.29*

* താൽക്കാലികം

(സി) മിച്ചമായി കാണുന്ന തുക ചുവടെ ചേർക്കുന്നു.

വർഷം	സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ(ലക്ഷത്തിൽ)	ട്രൈബൽ സബ് പ്ലാൻ(ലക്ഷത്തിൽ)
96-97	1362.44	108.50
97-98	2237.45	188.43
98-99	620.57*	271.53*

* താൽക്കാലികം

(ഡി) 1. 1996-97-ലും 1997-98-ലും വൈദ്യുതി ബോർഡിന്റെ ബഡ്ജറ്റിൽ വകയിരുത്തിയതുക കുറച്ചതിനാലും, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുകയിൽ കുറവ് വന്നതുകൊണ്ടുമാണ് ബഡ്ജറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്നത്.

2. 1997-98, 1998-99 വർഷങ്ങളിൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാനിന് വകയിരുത്തിയ തുകയുടെ യഥാക്രമം 61% തുകയും 64% തുകയും ട്രൈബൽ സബ്പ്ലാനിന് വകയിരുത്തിയ തുകയുടെ യഥാക്രമം 62% തുകയും 64% തുകയും ഗവ: ഗ്രാന്റ്-ഇൻ-എയ്ഡായി ത്രിതല പഞ്ചായത്തുകൾക്കും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവകൾക്കും നേരിട്ട് നൽകിയിരുന്നു. കൂടാതെ ചില വകുപ്പുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികളുടെ തുകയും നൽകിയിരുന്നു. ഫണ്ട് വിനിയോഗത്തിന് ഗ്രാമസഭകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നേരിട്ട കാലതാമസവും തൽഫലമായി ത്രിതല പഞ്ചായത്തുകൾക്കും കോർപ്പറേഷൻ മുനിസിപ്പാലിറ്റികൾക്കും പദ്ധതിവിഹിതം യഥാസമയം വിനിയോഗിക്കുവാൻ സാധിക്കാതിരുന്നതും തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിയ തുക അടുത്ത വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly